Deepika - 26/1/20.

# കാലിക്കറ്റ് നെറ്റ്ബോൾ ചാമ്പ്യൻഷിപ്പ്: ക്രൈസ്റ്റിനും, നൈപുണ്യയ്ക്കും കിരീടം



വനിതാ വിഭാഗം നെറ്റ്ബോൾ ചാമ്പ്യൻഷിപ്പിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളജ് ടീം.



പുരുഷ വിഭാഗം നെറ്റ്ബോൾ ചാമ്പ്യൻഷിപ്പിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ പൊങ്ങം നൈപുണ്യ കോളജ് ടീം.

**ഇരിങ്ങാലക്കുട:** ക്രൈസ്റ്റ് കോളജിൽ നടന്ന കാലിക്കട്ട് യൂണിവേഴ്സിറ്റി ഇന്റർ കൊളീജിയറ്റ് വനിതാവിഭാഗം നെറ്റ്ബോൾ ചാമ്പ്യൻഷിപ്പിൽ ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളജും പുരുഷ വിഭാഗത്തിൽ പൊങ്ങം നൈപുണ്യ കോളജും ചാമ്പ്യന്മാരായി.

വനിതാ വിഭാഗത്തിൽ ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളജ് കൊടകര സഹൃദയ കോളജിനെ പരാജയപ്പെടുത്തി ഒന്നാം സ്ഥാനവും സഹൃദയ കോളജ് രണ്ടാം സ്ഥാനവും, കോഴിക്കോട് സെന്റർ ഫോർ ഫിസിക്കൽ എഡ്യുക്കേഷൻ കോളജിനെ പരാജയപ്പെടുത്തി കോഴിക്കോട് ഗവ. ഫിസിയ്ക്കൽ എഡ്യുക്കേഷൻ കോളജ് മൂന്നാം സ്ഥാനവും നേടി. പുരുഷ വിഭാഗത്തിൽ പൊങ്ങം നൈപുണ്യ കോളജ് ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളജിനെ പരാജയപ്പെടുത്തി ഒന്നാം സ്ഥാനവും, ക്രൈസ്റ്റ് കോളജ് രണ്ടാം സ്ഥാനവും നേടി.

കൊടകര സഹൃദയ കോളജ് തൃശൂർ കേരളവർമ കോളജിനെ പരാജയപ്പെടുത്തി മൂന്നാം സ്ഥാനവും നേടി. വിജയികൾക്കുള്ള ട്രോഫികൾ കോളജ് പ്രിൻസിപ്പൽ ഡോ. മാത്യു പോൾ ഊക്കൻ, വൈസ് പ്രിൻസിപ്പൽ ഫാ. പി.ടി. ജോയ് എന്നിവർ ചേർന്ന് നൽകി. കോളജ് ഫിസിക്കൽ എഡ്യുക്കേഷൻ വകുപ്പ് തലവൻ ഡോ. ബിന്റു ടി. കല്ല്യാൺ, കെ.എം. സെബാസ്റ്റ്യൻ, ഡോ. മനീഷ് മുരളി, പൊങ്ങം നൈപുണ്യ കോളജ് ഫിസിക്കൽ എഡ്യുക്കേഷൻ വകുപ്പ് തലവൻ പി.എ. ശ്രീജിത്ത്, സഹൃദയ കോളജ് ഫിസിക്കൽ എഡ്യുക്കേഷൻ വകുപ്പ് തലവൻ ഡോ. സെബി ജോസഫ്, ഫാ. സെബി എടാട്ടുകാരൻ, നെറ്റ്ബോൾ കോച്ച് നൗഫൽ, കാലിക്കറ്റ് യൂണിവേഴ്സിറ്റി ടീം സെലക്ടർമാരായ പി.എം. ഷിനു, കെ. രാജേഷ് എന്നിവർ പ്രസംഗിച്ചു.